(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന് അടിസ്ഥാനമായ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ ഉത്തരവ് നടപ്പാക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) കേരള വിദ്യാഭ്യാസ നിയമത്തിലെ 9-ം 11-ം വ്യവസ്ഥകൾ അനുസരിച്ചുള്ള സ്കീമുകളിൽ ഉചിതമായ മാറ്റം വരുത്തേണ്ടതുണ്ടോ എന്നത് പരിഗണിക്കാൻ കേരള ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച് ഫയൽ ചെയ്തിരുന്ന നിരവധി റിട്ട് അപ്പീലുകൾ തീർപ്പാക്കിക്കൊണ്ട് ബഹു. കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(സി) നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വിദ്യാർത്ഥി അദ്ധ്യാപക അനുപാതവും ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും

326 [2383] ശ്രീ. വി. ചെന്താമരാക്ഷൻ:
,, ടി. കെ. ദേവകുമാർ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥി-അദ്ധ്യാപക അനുപാതത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുവരുന്ന സർക്കാർ-എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കുന്നു എന്ന തീരുമാനത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഓരോ ക്ലാസ്സിലും ഉണ്ടായിട്ടുള്ള വ്യത്യാസം കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഈ വർഷം സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ എത്ര; കഴിഞ്ഞ വർഷം എത്രയായിരുന്നു;

(ഇ) ഈ വർഷം എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ എത്ര; കഴിഞ്ഞ വർഷം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്തെ ഒരു സ്കൂളും നിശ്ചിത എണ്ണം കുട്ടികളുടെ കുറവുമൂലം അടച്ചുപൂട്ടുന്നതല്ല.

(സി) ഉണ്ട്.

(ഡി) 2004-2005 .. 1,39,442 കുട്ടികൾ
2003-2004 .. 1,48,698 കുട്ടികൾ

(ഇ) 2004-2005 .. 2,52,776 കുട്ടികൾ
2003-2004 .. 2,63,247 കുട്ടികൾ

എസ്.എസ്.എൽ.സി. പരീക്ഷാ സെന്ററുകളിൽ കുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതലായി നൽകുന്ന ചോദ്യപേപ്പറുകൾ

327 [2385] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീമതി മാടത്തേത്ത് സരളാദേവി:
ശ്രീ. എൻ. ശക്തൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷാ സെന്ററുകളിൽ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണത്തേക്കാൾ എത്ര ചോദ്യപേപ്പറുകൾ കൂടുതലായി കൊടുക്കാറുണ്ട്;

(ബി) ഇങ്ങനെ കൂടുതൽ ചോദ്യപേപ്പറുകൾ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം അറിയിക്കാമോ;

(സി) കൂടുതലായുള്ള ചോദ്യപേപ്പറുകൾ സൂക്ഷിക്കുന്നതാരാണ്;

(ഡി) കൂടുതലായി നൽകപ്പെടുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് ഉത്തരം തയ്യാറാക്കി പരീക്ഷയെഴുതുന്ന കുട്ടികൾക്ക് നൽകുന്നതായി പരാതിയുണ്ടായിട്ടുണ്ടോ;

(ഇ) ഇങ്ങനെ കൂടുതലായി നൽകുന്ന ചോദ്യപേപ്പർ ക്രമക്കേടുകൾക്ക് സാഹചര്യമുണ്ടാക്കുമോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly